# ആറ്റുകാൽ ഭഗവതി ക്ഷേത്രം ട്രസ്റ്റ്
## ആറ്റുകാൽ, തിരുവനന്തപുരം-9.

നമ്പർ:ഇ3/എ73/എബിറ്റിറ്റി/2021/1444 തീയതി : 17.11.2021

**റീ ക്വട്ടേഷൻ/ലേല പരസ്യം**

വിഷയം: ആറ്റുകാൽ ഭഗവതി ക്ഷേത്രം ട്രസ്റ്റ്, – പാർക്കിംഗ് ഗ്രൗണ്ട് പരിസരത്തുള്ള 8 കടകൾ വാടകയ്ക്ക് കൊടുക്കുന്നതു സംബന്ധിച്ച്.

ആറ്റുകാൽ ഭഗവതി ക്ഷേത്രം പാർക്കിംഗ് ഗ്രൗണ്ടിന് അഭിമുഖമായി ക്ഷേത്ര കാമ്പൗണ്ടിനോട് ചേർന്നുള്ള 9 കടകളിൽ 24.11.2021 മുതൽ 28.01.2022 വരെ കച്ചവടം നടത്തുന്നതിനുള്ള അവകാശത്തിനായി മുദ്രവച്ച റീ ക്വട്ടേഷനുകൾ ക്ഷണിച്ചു കൊള്ളുന്നു. ക്വട്ടേഷനുകൾ പേര്, മേൽവിലാസം, ഫോൺ നമ്പർ, നടത്തുവാനുദ്ദേശിക്കുന്ന കച്ചവടം, കട നമ്പർ, വാടക തുക എന്നിവ വ്യക്തമായി രേഖപ്പെടുത്തി ഐഡന്റിറ്റി കാർഡിന്റെ/ആധാറിന്റെ കോപ്പിയും നിരതദ്രവ്യമായി സെക്രട്ടറി, ആറ്റുകാൽ ഭഗവതി ക്ഷേത്രം ട്രസ്റ്റ് എന്ന പേരിൽ എടുത്ത **10,000**/- രൂപയുടെ ഡി.ഡിയും സഹിതമാണ് സമർപ്പിക്കേണ്ടത്. കവറിനു പുറത്ത് കട നമ്പർ രേഖപ്പെടുത്തിയിരിക്കണം. ക്വട്ടേഷനുകൾ "സെക്രട്ടറി, ആറ്റുകാൽ ഭഗവതി ക്ഷേത്രം ട്രസ്റ്റ്, ആറ്റുകാൽ, മണക്കാട്.പി.ഒ., തിരുവനന്തപുരം-9" എന്ന വിലാസത്തിൽ **22.11.2021 തിങ്കളാഴ്ച രാവിലെ 9.00 മണിക്കു** മുമ്പായി ലഭിച്ചിരിക്കേണ്ടതാണ്.

അന്നേ ദിവസം **രാവിലെ 10.30 മണിക്ക്** ലേലത്തിനായി സന്നിഹിതരാകുന്നവരുടെയും ക്വട്ടേഷൻ സമർപ്പിച്ചിട്ടുള്ളവരുടെയും സാന്നിദ്ധ്യത്തിൽ കടകളുടെ പരസ്യ ലേലം ടി കടകളുടെ മുൻവശത്ത് വച്ച് നടത്തുന്നതാണ്. ലേലത്തിൽ പങ്കെടുക്കാൻ താല്പര്യമുള്ളവരും ക്വട്ടേഷൻ സമർപ്പിച്ചവരും ലേലത്തിനു മുമ്പായി 10,000/- രൂപ നിരതദ്രവ്യമായി കെട്ടി വയ്ക്കേണ്ടതാണ്. നിരതദ്രവ്യം കെട്ടി വയ്ക്കാത്ത ക്വട്ടേഷൻ പരിഗണിക്കുന്നതല്ല. **ക്വട്ടേഷനോടൊപ്പം നിരതദ്രവ്യമായി 10,000 രൂപയുടെ ഡി.ഡി സമർപ്പിച്ചവരും ലേലത്തിൽ പങ്കെടുക്കണമെങ്കിൽ 10,000 രൂപ ലേലസമയം കെട്ടിവയ്ക്കേണ്ടതാണ്.** തുടർന്ന് ക്വട്ടേഷനുകൾ പൊട്ടിക്കുന്നതും ക്വട്ടേഷൻ/ലേലം ഏതാണ് കൂടുതൽ ആ തുകയോടൊപ്പം **18 % ജി.എസ്സ്.ടിയും** അടയ്ക്കുന്ന വ്യക്തിയുടെപേരിൽ ലേലം ഉറപ്പിക്കുന്നതുമാണ്. ലേലം പിടിക്കുന്ന വ്യക്തി അന്നേ ദിവസം ലേല തുക മുഴുവനും, കൂടാതെ ഓരോ കടയ്ക്കും **സെക്യൂരിറ്റി ഡിപ്പോസിറ്റിനത്തിൽ 20000/-** രൂപയും ട്രസ്റ്റ് ഓഫീസിൽ ഒടുക്കി രസീത് വാങ്ങേണ്ടതും, 200/- രൂപാ മുദ്രപ്പത്രത്തിൽ ട്രസ്റ്റ് നിബന്ധനകൾ ഉൾക്കൊള്ളിച്ചു കൊണ്ടുള്ള എഗ്രിമെന്റ് വയ്ക്കേണ്ടതും കട എടുത്തിരിക്കുന്ന കാലാവധി കഴിഞ്ഞാൽ കേടുപാടുകൾ ഇല്ലെന്ന് ബോദ്ധ്യപ്പെടുത്തി കട ഒഴിയേണ്ടതുമാണ്. വാടകയിൽ ഇലക്ട്രിസിറ്റി ചാർജ്ജ് ഉൾപ്പെടുത്തിയിട്ടില്ല. കടകൾ എടുക്കുന്നവർ ഇലക്ട്രിസിറ്റി ചാർജ്ജിനത്തിലുള്ള തുക പ്രത്യേകമായി ട്രസ്റ്റാഫീസിൽ ഒടുക്കേണ്ടതാണ്. കട ക്വട്ടേഷൻ/ലേലം വിളിച്ചയാൾ കട എടുത്തില്ലെങ്കിൽ നിരതദ്രവ്യ തുക തിരികെ നൽകുന്നതല്ല. കട ക്വട്ടേഷൻ/ലേലം എടുക്കുന്നയാൾ യാതൊരു കാരണവശാലും ടി അവകാശം മറ്റ് ആളുകളുമായി പങ്കു വെയ്ക്കുകയോ ആർക്കെങ്കിലും കൈമാറുകയോ ചെയ്യുവാനോ സർക്കാർ നിരോധിച്ചിട്ടുള്ള സാധനങ്ങൾ കടയിൽ വിൽപ്പന നടത്തുവാനോ പാടുള്ളതല്ല. യാതൊരു കാരണവശാലും ലേലം പിടിച്ച കട യുടെ മുമ്പിൽ **8 അടിയിൽ** കൂടുതൽ സ്ഥലം കടയുമായി ബന്ധപ്പെട്ട ആവശ്യങ്ങൾക്ക് ഉപയോഗിക്കുവാൻ പാടുള്ളതല്ല. **29.01.2022 വൈകുന്നേരം 5.00 മണിക്കു** മുമ്പായി കടയുടെ താക്കോൽ ബന്ധപ്പെട്ടവരെ ഏൽപ്പിക്കേണ്ടതും, അല്ലാത്തപക്ഷം ട്രസ്റ്റ് സ്വന്തം ചെലവിൽ കട ഒഴിപ്പിക്കുന്നതും അതിനുണ്ടാകുന്ന കഷ്ട നഷ്ടങ്ങൾക്കുള്ള തുക കൂടാതെ ദിവസം ഒന്നിന് 3000/- രൂപാ നിരക്കിൽ പിഴയും ഈടാക്കുന്നതുമാണ്. കടകളിലോ, കടകൾമൂലമോ ഉണ്ടാകുന്ന അപകടങ്ങൾക്ക് കടയുടെ നടത്തിപ്പുകാരൻ മാത്രം ഉത്തരവാദിയായിരിക്കും. ഭക്ഷണശാല നടത്തുവാൻ ഉദ്ദേശിക്കുന്നവർ ഫുഡ് സേഫ്റ്റി സർട്ടിഫിക്കറ്റ് സ്വന്തം ഉത്തരവാദിത്തത്തിൽ വാങ്ങി വയ്ക്കേണ്ടതും Fire & Safety സംബന്ധമായ കാര്യങ്ങൾ സ്വന്തം ഉത്തരവാദിത്തത്തിൽ ചെയ്യേണ്ടതുമാണ്. ഹൈഡ്രജൻ ബലൂൺ കച്ചവടം പാടില്ല. ക്വട്ടേഷൻ സംബന്ധമായ എല്ലാ ട്രസ്റ്റ് നിബന്ധനകളും ഇതിനും ബാധകമാണ്. കോവിഡ് വ്യാപനവുമായി ബന്ധപ്പെട്ട് സർക്കാർ ഏർപ്പെടുത്തിയിട്ടുള്ള എല്ലാ നിയന്ത്രണങ്ങളും, സർക്കാർ അനുശാസിക്കുന്ന എല്ലാ നികുതികളും ഒടുക്കുവാൻ കരാറുകാരൻ ബാദ്ധ്യസ്ഥനാണ്. ലേലത്തുക ഒടുക്കാത്ത വ്യക്തിയുടെ ഇ.എം.ഡി. തുക ട്രസ്റ്റിലേയ്ക്ക് മുതൽ കൂട്ടുന്നതാണ്.

സെക്രട്ടറി

നോട്ടീസ് ബോർഡ് : ആഫീസ്
ക്ഷേത്രം
വെബ്സൈറ്റ്

പകർപ്പ്: പ്രസിഡന്റ്, എബിറ്റിറ്റി